പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2072 26.03.2013 -ൽ മറുപടിക്ക്

## മാവേലിക്കര ഡിപ്പോയിൽ റദ്ദാക്കിയ സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കായംകുളത്തു നിന്നും പന്തള ത്തേക്ക് ചുനക്കര നൂറനാട് വഴി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ.യുടെ കത്ത് ലഭിച്ചി ട്ടുണ്ടോ; ഈ കത്തിന്മേൽ വാഹനം അനുവദിക്കുന്നതുമായി ബന്ധ പ്പെട്ട് എന്തു നടപടി സ്വീകരിച്ചു; | (എ) | ലഭിച്ചിട്ടുണ്ട്. അതിന്മേൽ സാധ്യതാപഠനം നടത്തിയിട്ടുമുണ്ട്. എന്നാൽ ബസ്സി ന്റെയും ജീവനക്കാരുടെയും കുറവു കാരണം സർവ്വീസ് ഇതുവരെയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഡീസൽ പ്രതിസന്ധിയ്ക്ക് ശേഷം മാവേലിക്കര ഡിപ്പോയിൽ നിന്നും എത്ര ബസ്സുകളാണ് നിർത്തലാ ക്കിയത്; മാവേലിക്കരയിൽ നിന്നും വരേണിക്കൽ വഴിയുള്ള സർവ്വീസ് ലാഭകരമായിരുന്നോ; എങ്കിൽ വാഹനം നിർത്താനുണ്ടായ കാര ണം വ്യക്തമാക്കുമോ; വാഹനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഡീസൽ പ്രതിസന്ധിയുടെ പേരിൽ മാവേലിക്കര ഡിപ്പോയിലെ സർവ്വീസുക ളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. വരേണിക്കൽ വഴിയുള്ള സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളത് ഡ്രൈവർമാരുടെ കുറവ് കാരണമാണ്. ഡ്രൈവർമാർ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസ് പുനരാരംഭിക്കു ന്നതാണ്. |
| (സി) | ഡീസൽ പ്രതിസന്ധിക്കു ശേഷം മാവേലിക്കര ഡിപ്പോയിലുണ്ടായ വരുമാനത്തിലെ വ്യത്യാസം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | മാവേലിക്കര ഡിപ്പോയിൽ ഡീസൽ പ്രതി സന്ധിയുമായി ബന്ധപ്പെട്ട് വരുമാന ത്തിൽ യാതൊരു വ്യത്യാസവും അനു ഭവപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ